പാഠം 7

# സ്വസ്ഥത, ബന്ധങ്ങൾ, സൗഖ്യം

## ശബ്ബത്ത് സായാഹ്നം

ഈ ആഴ്ചയിലെ പഠനത്തിന്: ഉല്പത്തി 42:7-20; മത്തായി 25:41-46; ഉല്പത്തി 42:21-24; 45:1-15; 50:15-21; ലൂക്കൊസ് 23:34.

മനഃപാഠവാക്യം: "എന്നെ ഇവിടെ വിറ്റതുകൊണ്ടു നിങ്ങൾ വ്യസനിക്കേണ്ട, വിഷാദിക്കുകയും വേണ്ട, ജീവരക്ഷയ്ക്കായി ദൈവം എന്നെ നിങ്ങൾക്കുമുമ്പേ അയച്ചതാകുന്നു" (ഉല്പത്തി 45:5).

ഒരു സ്ത്രീയെ ഒരാൾ ലൈംഗികമായി പീഡിപ്പിച്ചെന്നു പരാതിയുണ്ടായി. പൊലീസ് ഒരുക്കിയ പരിശോധനാനിരയിൽ അവൾ അയാളെ തിരിച്ചറിഞ്ഞു. അയാളുടെ കുറ്റം ചോദ്യം ചെയ്യപ്പെടുന്നതായി തെളിവുകൾ ഉണ്ടായിട്ടും അവൾ ആരോപണത്തിൽ ഉറച്ചുനിന്നു. തെറ്റു ചെയ്ത വ്യക്തി "ജോണി"യായിരുന്നു.

ജോണി തടവിലായി. ചെയ്യാത്ത കുറ്റത്തിന് അവൻ പതിനാലുവർഷം ജയിൽ ശിക്ഷ അനുഭവിച്ചു. ഡി.എൻ.എ. പരിശോധനയിൽ അവൻ തെറ്റുകാരനല്ലായെന്നു തെളിഞ്ഞു. "ജോവാൻ" എന്ന സ്ത്രീ തന്റെ തെറ്റു മനസ്സിലാക്കി.

ജയിൽമോചനം കഴിഞ്ഞുവരുമ്പോൾ ജോണിയെ കണ്ടുമുട്ടുണമെന്നവൾ തീരുമാനിച്ചു. ഇത്രയും വർഷം ജയിലിൽ കിടന്നു കഷ്ടപ്പെട്ടു തന്റെ ജീവിതം പാഴാക്കിയ ആ സ്ത്രീയെ നേരിട്ടുകാണുമ്പോൾ അവന്റെ ചിന്ത എന്തായിരിക്കും?

അയാൾ കടന്നുവരുന്നതു പ്രതീക്ഷിച്ച് അവൾ ഒരു മുറിക്കുള്ളിലുണ്ടായിരുന്നു. അവൻ വന്നപ്പോൾ അവർ പരസ്പരം കണ്ണുകളിൽ തറപ്പിച്ചുനോക്കി. "ജോവാൻ" കണ്ണുനീരൊഴുക്കുത്തുടങ്ങി.

"ജോണി മുന്നോട്ടാഞ്ഞു തന്റെ കരങ്ങൾ പിടിച്ചുകൊണ്ടു മുഖത്തുനോക്കി 'ഞാൻ ക്ഷമിച്ചുകഴിഞ്ഞിരിക്കുന്നു' എന്നു പറഞ്ഞു. എനിക്കതു വിശ്വസിക്കാനാകുന്നില്ല. ഞാൻ ഏറ്റവുമധികം വെറുക്കുകയും അവൻ മരിച്ചാൽ മതിയെന്നു മനസ്സിൽ ആശിക്കുകയും ചെയ്ത ആ മനുഷ്യൻ ഇതാ എന്റെ മുൻപിൽ. ഇത്രമാത്രം ക്രൂരത അവനോടു കാണിച്ച എന്നോട് അവൻ ക്ഷമിച്ചുകഴിഞ്ഞുവെന്നു പറയുന്നു. കൃപയെന്നാൽ എന്താണെന്നു അപ്പോൾമാത്രമാണു ഞാൻ മനസ്സിലാക്കാൻ തുടങ്ങിയത്. അപ്പോൾ മുതൽ മാത്രമാണ് എനിക്കു സൗഖ്യം തോന്നിയതും ഞാൻ യഥാർത്ഥ സ്വസ്ഥത അനുഭവിച്ചുതുടങ്ങിയതും." ക്ഷമ എന്നാലെന്തെന്നും അസ്വസ്ഥമായ മാനുഷിക ഹൃദയങ്ങൾക്ക് അത് എന്തുചെയ്യുന്നുവെന്നും ഈ ആഴ്ച നാം പഠിക്കും.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് ആഗസ്റ്റ് 14 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## കഴിഞ്ഞകാലത്തെ നേരിടൽ

നല്ലദിശയിലേക്കു യോസേഫിന്റെ ദിനങ്ങൾ നീങ്ങുകയായിരുന്നു. ഫറവോന്റെ സ്വപ്നങ്ങൾ വ്യാഖ്യാനിച്ചതിനാൽ യോസേഫ് ജയിൽമോചിതനാകയും മിസ്രയീമിന്റെ പ്രധാനമന്ത്രിയാകയും ചെയ്തു (ഉല്പത്തി 41). അവൻ വിവാഹിതനായി രണ്ടു മക്കളും ജനിച്ചു (ഉല്പത്തി 41:50–52). മിസ്രയീം ദേശത്തിലെ ഭണ്ഡാരശാലകളെല്ലാം നിറഞ്ഞുകവിഞ്ഞു. പ്രവചനമനുസരിച്ച് ക്ഷാമം ഉണ്ടായിത്തുടങ്ങി. അങ്ങനെ ഒരു ദിവസം യോസേഫിന്റെ സഹോദരന്മാർ മിസ്രയീം ദേശത്തുവന്നു.

ഉല്പത്തി 42:7–20 പറയുന്ന പ്രകാരം യോസേഫിനെ അടിമയായിവിറ്റശേഷം സഹോദരന്മാരുമായുള്ള അവന്റെ ആദ്യകൂടിക്കാഴ്ച വായിക്കുക. ഇത്ര വിപുലമായ തന്ത്രം എന്തിനാണ്? ഈ ആദ്യകൂടിക്കാഴ്ചയിൽത്തന്നെ എന്തുചെയ്വാൻ യോസേഫ് ഒരുങ്ങുകയായിരുന്നു?

തന്നെത്താൻ നീതീകരിക്കാതെതന്നെ വേണമെങ്കിൽ സഹോദരന്മാരുടെമേൽ പ്രതികാരം ചെയ്വാൻ ഇപ്പോൾ യോസേഫിന് അധികാരമുണ്ട്. പക്ഷേ പ്രതികാരത്തിനുപകരം തന്റെ ഭവനത്തിൽപ്പെട്ട കുടുംബാംഗങ്ങളെക്കുറിച്ച് അവൻ കൂടുതൽ തത്പരനായിരുന്നു. പിതാവിനെക്കുറിച്ചുള്ള ഉത്കണ്ഠ അവനുണ്ട്. ഇപ്പോഴും പിതാവു ജീവനോടിരിക്കുന്നുവോ? അറ്റുപോകുന്ന കുടുംബബന്ധങ്ങൾ നിറഞ്ഞ ആ കുടുംബത്തിന്റെ പിതാവ് നഷ്ടമായോ? അവന്റെ സഹോദരൻ ബെന്യാമീന്റെ സ്ഥിതി എന്താണ്? പിതാവിന്റെ സന്തോഷവും ആനന്ദവുമായ ബെന്യാമീൻ താൻമുമ്പ് ആയിരുന്ന പദവിയിലാണോ? അവന്റെ സഹോദരങ്ങൾ അവനോടുകാണിച്ച ക്രൂരതയും പകയുമെല്ലാം ഇപ്പോൾ ബന്യാമീനോടു കാണിക്കയാണോ? പ്രലോഭനങ്ങൾക്കു വേഗം അടിമപ്പെടുന്ന ആ കുടുംബാംഗങ്ങളെ കാണുവാൻ യോസേഫ് ഇപ്പോൾ ആഗ്രഹിക്കുകയായിരുന്നു. കണ്ടെത്തുകയും ചെയ്തു. ബന്ധം നിലനിർത്തുന്നതിനു തിരുവചനതത്വങ്ങൾ പാലിക്കുന്നതിൽ നാം എപ്പോഴും അവഹേളനം ഏറ്റുകൊള്ളണമെന്നില്ല. നമ്മിൽ ഓരോരുത്തരും തിരുമുമ്പിൽ വിലപ്പെട്ടവരാണ്. നമുക്ക് ഓരോരുത്തർക്കുംവേണ്ടി അതിന്റെ അന്തിമവില യേശു ക്രൂശിൽ നൽകിക്കഴിഞ്ഞു.

മറ്റുള്ളവരുടെ അവഹേളനകളും അവഗണനകളും യേശു തന്റെ മേൽ എടുത്തതെന്തുകൊണ്ട്? മത്തായി 25:41–46.

യേശുവിന്റെ രക്തത്താൽ നാം ഓരോരുത്തരും വിലക്കുവാങ്ങപ്പെട്ടിരിക്കുന്നതുകൊണ്ടു നിയമപരമായി നാമെല്ലാം അവന്റേതാണ്. അവഹേളിക്കുന്ന ആരുതന്നെ ആയാലും യേശുവിന്റെ സ്വത്തവകാശത്തെയാണ് ആക്രമിക്കുന്നത്.

ലൈംഗികപീഡനവും ശാരീരികവും വൈകാരികവുമായ അക്രമങ്ങളും ഒരിക്കലും കുടുംബഗതിയിൽ ഉൾപ്പെടുന്നതല്ല. അകലെനിന്നു പരിഹരിക്കത്തക്കവണ്ണം അതൊന്നും കുടുംബത്തിനുള്ളിലെ ആഭ്യന്തര പ്രശ്നങ്ങളുമല്ല. അവയുടെ പരിഹാരത്തിനു പുറമെനിന്നുള്ള സഹായവും ഇടപെടലും വേണം. നിങ്ങളോ കുടുംബത്തിലൊരാളോ പീഡിപ്പിക്കപ്പെട്ടാൽ വിശ്വസ്തനായ ഒരു വിദഗ്ധന്റെ സഹായം തേടുക. നിങ്ങൾ ഇപ്പോൾ നേരിടുന്ന കുടുംബബന്ധങ്ങളിലെ പ്രകൃതിബന്ധങ്ങൾ അഭിമുഖീകരിക്കുന്നതിനു വേണ്ടുന്ന ചില തിരുവചനതത്വങ്ങൾ എന്തെല്ലാം?

## രംഗം ഒരുക്കൽ

യോസേഫ് സഹോദരന്മാർക്കു ക്ഷമിച്ചുകൊടുത്തു. അത് എപ്പോഴാണെന്നു നാം അറിയുന്നില്ല. അവർ കടന്നുവരുന്നതിനു വളരെ മുമ്പായിരിക്കുമത്. ക്ഷമിക്കാതിരുന്നെങ്കിൽ മിസ്രയീമിൽ അവൻ ഇത്രമാത്രം ഉയർച്ച പ്രാപിക്കയില്ലായിരുന്നു. കോപവും പകയും ഹൃദയത്തിലുണ്ടായിരുന്നെങ്കിൽ കർത്താവിനോടുള്ള അവന്റെ ബന്ധത്തെയതു പ്രതികൂലമായി ബാധിക്കുമായിരുന്നു.

മറ്റുള്ളവരിൽനിന്നു ദുരന്തങ്ങൾ അനുഭവിക്കേണ്ടിവന്ന പലരിലും നടത്തിയ നിരവധി പഠനങ്ങൾ തെളിയിക്കുന്നത് അതിഭയങ്കരകഷ്ടതകൾ അവർക്കു നേരിട്ടെങ്കിലും അതിൽനിന്നെല്ലാം ശമനവും സന്തോഷജീവിതവും സാദ്ധ്യമായതു ക്ഷമകൊടുത്തതുകൊണ്ടുമാത്രമാണെന്നാണ്. ക്ഷമകൊടുത്തില്ലായെങ്കിൽ നമ്മളെല്ലാം ബലിയാടുകളും പീഡിതരുമായി ഒറ്റപ്പെട്ടുപോകുമായിരുന്നു. നമുക്കു ദോഷം ചെയ്ത വ്യക്തികളോ വ്യക്തിയോ നേരിടുന്നതിലുമധികം സന്തോഷവും ആനന്ദവും ക്ഷമകൊടുത്ത നമുക്കുതന്നെ ആയിരിക്കും.

യോസേഫ് സഹോദരന്മാരോടു ക്ഷമിച്ചെങ്കിലും കുടുംബബന്ധങ്ങൾ താൻമുമ്പ് വിച്ഛേദിക്കപ്പെട്ട ദോഥാനിലെ പൊട്ടക്കിണറിൽനിന്നു മാറിപ്പോകുവാൻ അവൻ അനുവദിച്ചില്ല. എന്തെങ്കിലും മാറ്റം അവരിലുണ്ടായോ എന്നു കാണ്മാൻ ശ്രദ്ധിക്കുകയാണ്.

യോസേഫ് മറഞ്ഞുനിന്നു കേട്ടതെന്താണ്? തന്റെ സഹോദരന്മാരെക്കുറിച്ച് അവൻ എന്തു മനസ്സിലാക്കി? ഉല്പത്തി 42:21-24 വായിക്കുക.

അവർ പറയുന്നതു യോസേഫ് ഗ്രഹിക്കുമെന്നു സഹോദരങ്ങൾ അറിഞ്ഞില്ല. സഹോദരന്മാരുടെ ഏറ്റുപറച്ചിൽ യോസേഫ് കേട്ടു. യോസേഫിനെ ഒഴിവാക്കിയതുകൊണ്ട് അവരുടെ ദുഷ്ടത പിതാവിനോടു പറയാനാരുമുണ്ടാകയില്ലായെന്നു സഹോദരന്മാർ ചിന്തിച്ചു. ഇത്രയും നാൾ അവർ മാനസികസ്വസ്ഥത അനുഭവിക്കാതെ കുറ്റബോധത്തിൽ നീറിക്കൊണ്ടു കഴിഞ്ഞുകൂടി. അവരുടെ പ്രവൃത്തിദോഷം അവർക്കു സ്വസ്ഥതയില്ലായ്മയും ദൈവത്തിന്റെ പകരം വീട്ടലുമുണ്ടാകുമെന്നുള്ള ഭയവുംകൊണ്ടു തകർന്നിരുന്നു. അവരുടെ കഷ്ടതയിൽ യോസഫിനു വാസ്തവത്തിൽ ദുഃഖമാണുണ്ടായത്. അവർക്കുവേണ്ടിയവൻ കരഞ്ഞു.

ക്ഷാമം ഇനിയും പലവർഷങ്ങൾ നീണ്ടുനില്ക്കുമെന്നു യോസേഫ് അറിഞ്ഞിരുന്നു. അടുത്തതവണ അവർ ധാന്യം വാങ്ങാനെത്തുമ്പോൾ ബെന്യാമീനും ഉണ്ടായിരിക്കണമെന്ന് അവൻ നിർബന്ധിച്ചു (ഉല്പത്തി 42:20). ശിമെയോനെ അവൻ തടവിലാക്കുകയും ചെയ്തു (ഉല്പത്തി 42:24).

ബെന്യാമീൻ ജീവനോടിരിക്കുന്നുവെന്നു കണ്ടതിൽ സന്തോഷിച്ച യോസേഫ് അവർക്കൊരു വിരുന്നൊരുക്കുകയും അവരുടെ പഴയ അസൂയ നിറഞ്ഞ രീതി തുടരുന്നുണ്ടോ എന്നറിവാൻ ബെന്യാമീനോടു കൂടുതൽ പക്ഷഭേദം കാണിക്കയും ചെയ്തു (ഉല്പത്തി 43:34). അതുകൊണ്ട് ഒരു കടുത്ത പരീക്ഷണം കൂടെ നടത്താൻ അവൻ തീരുമാനിച്ചു (ഉല്പത്തി 44).

ഉല്പത്തി 45:1-15 വായിക്കുക. സഹോദരന്മാരെപ്പറ്റി യോസേഫിനു തോന്നിയതും അവൻ അവർക്കു മാപ്പുകൊടുത്തതും സംബന്ധിച്ച് ഇത് എന്തുപറയുന്നു? ഈ കഥയിൽനിന്നു നമുക്കുള്ള പാഠം എന്താണ്?

## മാപ്പുകൊടുത്തിട്ടു മറക്കുക

അനീതി പരമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിക്കോ ഒരു കൂട്ടത്തിനോ നേരെ പ്രതികാരം നടത്തുക, അമർഷം കാട്ടുക, കുറ്റാരോപണം നടത്തുക എന്നിവയ്ക്കുള്ള ഒരു വ്യക്തിയുടെ അവകാശം ഉപേക്ഷിച്ചുകളവാനുള്ള സന്നദ്ധതയാണു മാപ്പുകൊടുക്കൽ അല്ലെങ്കിൽ ക്ഷമിച്ചുകൊടുക്കൽ എന്നു നിർവ്വചിക്കപ്പെടുന്നു. വംശനാശം വരുത്തി നശിപ്പിക്കപ്പെട്ടവരിൽ അവശേഷിച്ചവരുടെ കൂട്ടത്തിൽ പഠനം നടത്തിയ ഡോക്ടർ മാറിലിൻ ആർമർ എന്ന കുടുംബചികിത്സാവിദഗ്ധൻ അവർ നേരിട്ടതിനെക്കുറിച്ച് എഴുതുമ്പോൾ പറയുന്നത്: "ക്ഷമിക്കുക എന്നതിന്റെ പൂർണ്ണ ആശയം നാശം അനുഭവിച്ചവരുടെ പക്ഷത്തുനിന്നുള്ള മനഃപൂർവ്വ പ്രവൃത്തിയാണ്. അത് ആകസ്മിക സംഭവമല്ല."

ക്ഷമിക്കുന്നതിനു പിന്നിൽ അനന്തരഫലങ്ങൾ ഉണ്ടാകയില്ലായെന്നു പറയാനാവില്ല. ഒരു പീഡകൻ പീഡനപ്രവൃത്തികൾ തുടർന്നുചെയ്യണമെന്നും അതിന് അർത്ഥമില്ല. നമ്മുടെ പ്രതികാരമനോഭാവവും അമർഷവും വ്യക്തികളിൽനിന്നു പിന്മാറ്റി ദൈവത്തിങ്കലേക്കു തിരിക്കുന്നതാണ് ക്ഷമിച്ചുകൊടുക്കുകയെന്നത്. അങ്ങനെ ചെയ്തില്ലായെങ്കിൽ തെറ്റു ചെയ്യുന്നവരോടുള്ള പകയും വിദ്വേഷവും അമർഷവും വെറുപ്പുമെല്ലാം നമുക്കു വളരെ ദോഷകരമായ സ്ഥിതിയിലെത്തിക്കും.

മറ്റുള്ളവരോടു ക്ഷമിക്കുന്നതുകൊണ്ടു നമുക്ക് എന്തുനേട്ടമാണ്? മത്തായി 18:21–35 വായിക്കുക.

ഇതിൽ മറുചോദ്യമില്ല, ക്ഷമിച്ചുകൊടുപ്പാൻ പഠിക്കുന്നതിലെ ഒരു കേന്ദ്ര ആശയം ക്രിസ്തു നമുക്കുവേണ്ടി ചെയ്തുതന്ന പാപക്ഷമയെ കണ്ടെത്തി അംഗീകരിക്കുന്നതുതന്നെ നാമെല്ലാം മറ്റുവർക്കെതിരെയല്ല, ദൈവത്തോടുതന്നെ പാപം ചെയ്തവരാണ്.

ഓരോ പാപവും നമ്മുടെ സൃഷ്ടിതാവും കർത്താവുമായവനെതിരെയുള്ളതാണ്. എന്നാലും യേശുവിൽക്കൂടെ ആ പാപങ്ങൾക്കെല്ലാം നാം ക്ഷമ അവകാശപ്പെടുന്നു. അതിനു നമ്മൾ യോഗ്യരായതുകൊണ്ടല്ല, ദൈവത്തിന്റെ അളവറ്റ കൃപകൊണ്ടുമാത്രം. ഈ പരിശുദ്ധസത്യം നാം മനസ്സിലാക്കയും ഈ പാപക്ഷമ നമ്മുടേതായിത്തീരുകയും ചെയ്യുമ്പോൾ മാത്രമേ ദൈവം നമുക്കായി നിർവ്വഹിച്ച പാപക്ഷമയുടെ സത്യാവസ്ഥ നാം മനസ്സിലാക്കുകയും മറ്റുള്ളവരോടു നമ്മൾ ക്ഷമിക്കുകയും ചെയ്കയുള്ളൂ. മറ്റുള്ളവരോടു നമ്മൾ ക്ഷമിക്കുന്നത് അവർ അതിന് അർഹരായതുകൊണ്ടല്ല നമ്മളതു ദൈവത്തിങ്കൽനിന്നു പ്രാപിച്ചതുകൊണ്ടാണ്.

കുടുംബബന്ധം നിലനില്ക്കേണ്ടതിനു രണ്ടാമതൊരവസരം കൂടെ യോസേഫ് കൊടുക്കുന്നു. ഇവിടെയൊരു പിറുപിറുപ്പുമില്ല.

കഴിഞ്ഞതെല്ലാം മറന്നുകളയണമെന്നും പരസ്പരം സ്നേഹിച്ചും അംഗീകരിച്ചും മുന്നേറണമെന്നും അവൻ ആവശ്യപ്പെടുന്നു. യോസേഫിന്റെ മനോഭാവം മറ്റൊന്നായിരുന്നെങ്കിൽ പലരും ഇഷ്ടപ്പെടാത്ത മറ്റൊരു അന്ത്യം ഈ കഥയ്ക്കുണ്ടാകുമായിരുന്നു.

"അധർമം മോചിച്ചും പാപം മറെച്ചും കിട്ടിയവർ ഭാഗ്യവാന്മാർ. കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ" റോമർ 4:7,8. ഇവിടെ പൗലൊസ് നമ്മോട് എന്തുപറയുന്നു? യേശുവിൽ കൂടെ നാം പ്രാപിച്ച ഈ പാപക്ഷമ വാഗ്ദത്തം നമുക്കു ദോഷം ചെയ്ത മറ്റുള്ളവരോടു നാം എപ്രകാരം പ്രകടമാക്കും?

## ഇതു പ്രവൃത്തിയിലാക്കുക

ഞാൻ ക്ഷമിച്ചുകൊടുക്കണമെങ്കിൽ എന്നെ വേദനപ്പെടുത്തിയെന്നു ഞാൻ അറിയണം. ഇതു ചെയ്‌വാൻ നമുക്കു ചിലപ്പോൾ പ്രയാസമായിരിക്കും. കാരണം നമ്മൾ സാധാരണ വികാരങ്ങൾക്കതീതമായി പ്രവർത്തിക്കുന്നതിനുപകരം അവയെ കുഴിച്ചിടുകയാണ് പതിവ്. ക്രിസ്തീയമല്ലാത്ത വിചാരങ്ങളും കോപവും അമർഷവുമെല്ലാം ദൈവമുമ്പാകെ അംഗീകരിക്കുന്നതു നല്ലതുതന്നെ. സങ്കീർത്തനങ്ങളിൽ ഇതു പ്രതിഫലിക്കുന്നതു പലപ്പോഴും നമുക്കു കാണാം. എന്താണു സംഭവിച്ചെന്നതോ ഏതു രീതിയിൽ എന്നോടു പെരുമാറിയെന്നതോ അത് എനിക്കു ദുഃഖവും കോപവുമൊക്കെ ഉണ്ടാക്കിയെന്നതോ എല്ലാം ദൈവത്തോടു പറവാൻ എനിക്കു സ്വാതന്ത്ര്യമുണ്ട്. തന്റെ സഹോദരന്മാരെ വീണ്ടും കണ്ടപ്പോൾ അവൻ കരയുന്നതും കഴിഞ്ഞകാല അനുഭവങ്ങളിൽ ചിലത് അവന്റെ മനസ്സിൽ കടന്നുവരുന്നതുമെല്ലാം യോസേഫിന്റെ കഥയിൽ നാം കാണുന്നുണ്ട്.

ക്രൂശിൽ കിടന്നുകൊണ്ടുള്ള യേശുവിന്റെ പ്രഖ്യാപനം ക്ഷമിക്കുവാനുള്ള സമയത്തെപ്പറ്റി നമ്മടോടെന്തുപറയുന്നു? ലൂക്കൊസ് 23:34 വായിക്കുക.

ആദ്യമായി നാം മനസ്സിലാക്കേണ്ടതു നാം ക്ഷമയ്ക്കായി അപേക്ഷിപ്പാൻ യേശു കാത്തിരിക്കുന്നില്ലായെന്നതാണ്. നമ്മോടു തെറ്റുചെയ്തവരും നമ്മുടെ അടുക്കൽ വന്നു ക്ഷമ ചോദിക്കണമെന്നു നാം കാത്തിരിക്കരുത്. നമ്മുടെ ക്ഷമ അവർ സ്വീകരിക്കുന്നില്ലായെങ്കിലും നമുക്കു ക്ഷമിച്ചുകൊടുപ്പാൻ സാധിക്കും.

നമുക്കു തെറ്റുചെയ്തവരോടു നാം എങ്ങനെ ബന്ധപ്പെടണമെന്നു ലൂക്കൊസ് 6:28; മത്തായി 5:44 വാക്യങ്ങൾ എന്തുപഠിപ്പിക്കുന്നു?

ക്ഷമയെന്നതു സ്നേഹംപോലെ ഒരു തിരഞ്ഞെടുപ്പാണ്. അതു വെറുമൊരു വികാരമല്ല. ക്ഷമിപ്പാനുള്ള തിരഞ്ഞെടുപ്പു നടത്താം. ഈ തീരുമാനത്തിൽ നമ്മുടെ വികാരങ്ങൾ യോജിക്കുന്നില്ലായെങ്കിലും അതു ചെയ്യാം. നമ്മുടെ സ്വന്തശക്തികൊണ്ട് ഈ തിരഞ്ഞെടുപ്പ് നമുക്ക് അസാദ്ധ്യമെന്നും ദൈവം അറിയുന്നു. പക്ഷേ, "ദൈവത്തിനു സകലവും സാദ്ധ്യമല്ലോ" (മർക്കൊസ് 10:27). ഇതുകൊണ്ടാണു നമ്മെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പാൻ യേശു നമ്മോട് ആവശ്യപ്പെടുന്നത്. ചിലപ്പോൾ ആ വ്യക്തി മരിച്ചുപോയ സാഹചര്യവുമായിരിക്കാം. എന്നാലും ആ വ്യക്തിക്കു ക്ഷമിച്ചുകൊടുപ്പാനുള്ള കൃപ നമുക്കു കിട്ടേണ്ടതിനു നാം പ്രാർത്ഥിക്കണം. ക്ഷമിക്കുക എന്നത് എപ്പോഴും എളുപ്പമുള്ള കാര്യമല്ല. നമുക്കുണ്ടായ വേദനയും നാശവും ചിലപ്പോൾ തീവ്രവും മുറിവേല്പിക്കുന്നതും അംഗവൈകല്യം വരുത്തുന്നതും തകർത്തുകളയുന്നതുമൊക്കെ ആയിരിക്കാം. എന്നാലും നാം അനുവദിച്ചുകൊടുത്താൽ അതിനൊക്കെ ശമനമുണ്ടാകും. അതിനുപകരം അതിൽത്തന്നെ പിടിച്ചുകൊണ്ട് കയ്പും കോപവും ഈർഷ്യയും വളർത്തുകയാണെങ്കിൽ ശമനമെന്നതു കൂടുതൽ പ്രയാസകരമായി മാറും.

നമ്മോടുതന്നെ ക്ഷമിച്ചുതരുന്നതു ദൈവത്തിന് എത്രവലിയ വിലയായിരുന്നുവെന്നതിൽ ക്രൂശ് നമുക്ക് നല്ല ഉദാഹരണമാണ്. എന്തുതന്നെ ആയിരുന്നാലും അതിനെ അനേകർ തള്ളിക്കളയുമെന്നു കണ്ടുവെങ്കിലും നമുക്കുവേണ്ടി അതിൽക്കൂടെ കടക്കുവാൻ ദൈവം തീരുമാനിച്ചതു ക്ഷമിച്ചുകൊടുപ്പാൻ നമുക്കും പഠിക്കാമെന്നുള്ളതിന്റെ നല്ലൊരു മാതൃകയാണ്.

നിങ്ങൾക്കുവേണ്ടിയും ആ വ്യക്തിക്കുവേണ്ടിയും ആരോടു നിങ്ങൾ ക്ഷമിക്കേണ്ടതുണ്ട്?

## ക്ഷമിച്ചശേഷം സ്വസ്ഥത കണ്ടെത്തുക

യോസേഫിന്റെ കുടുംബം മിസ്രയീമിൽ എത്തി. ഇരുളടഞ്ഞ രഹസ്യങ്ങളൊന്നും കുടുംബത്തിൽ ഇനി ശേഷിക്കുന്നില്ല. മരിച്ചുകഴിഞ്ഞുവെന്നു താൻ വിചാരിച്ചിരുന്ന മകൻ ഇപ്പോൾ മിസ്രയീമിലെ പ്രധാനമന്ത്രിയെന്ന് ആ മക്കൾ തന്നെ പിതാവിനോടു വിശദീകരിച്ചപ്പോൾ അവരുടെ ഗൂഢതന്ത്രങ്ങളെല്ലാം അവർത്തന്നെ പിതാവിന്റെ മുമ്പിൽ വെളിപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു ബന്ധങ്ങൾ വീണ്ടും സ്ഥാപിക്കപ്പെടുന്നതിന് എപ്പോഴും സാദ്ധ്യമല്ലായെങ്കിലും ചിലപ്പോഴതു ബുദ്ധിപരമായിരിക്കയില്ലായെങ്കിലും അതൊന്നും ക്ഷമിപ്പാനാകയില്ലായെന്നതിന് ഉപാധിയൊന്നുമില്ല. നമ്മോടു തെറ്റുചെയ്തവരെ ചുംബിപ്പാനോ അവരോടൊത്തു കരയുവാനോ നമുക്കായില്ലായെങ്കിലും നമ്മുടെ വാക്കുകൊണ്ടോ കത്തിൽകൂടെയോ ക്ഷമ പറയുവാനാകുന്നതാണ്. പിന്നെ നമുക്കു സാദ്ധ്യമാകുന്നിടത്തോളം ആ വേദന മറന്നുകളയാം. ചില വേദനകൾ വീണ്ടും തുടരുമെങ്കിലും നമ്മൾ ശമനത്തിന്റെ പാതയിൽത്തന്നെയായിരിക്കും.

ഉല്പത്തി 50:15–21 വായിക്കുക. യോസേഫിന്റെ സഹോദരങ്ങൾ എന്തിനെപ്പറ്റി വ്യാകുലതയിലായിരുന്നു? അവർക്ക് ആധിയുണ്ടായതെന്തുകൊണ്ട്? ഈ ഭയം അവരെക്കുറിച്ചുള്ള എന്തുകാര്യം നമ്മോടുപറയുന്നു?

യോസേഫിന്റെ സഹോദരങ്ങൾ മിസ്രയീമിൽ വന്നിട്ട് ഇപ്പോൾ പതിനേഴുവർഷം കഴിഞ്ഞെങ്കിലും (ഉല്പത്തി 47:28) യാക്കോബു മരിച്ചുകഴിഞ്ഞപ്പോൾ യോസേഫ് അവരോടു പ്രതികാരം ചെയ്വാൻ സാദ്ധ്യതയുണ്ടെന്ന് അവർ ഭാവന ചെയ്തു. യോസേഫിനെതിരെ എത്രമാത്രം ദോഷം ചെയ്തുപോയെന്നവർ മനസ്സിലാക്കി. യോസേഫ് അവരോടു ക്ഷമിച്ചുകഴിഞ്ഞുവെന്നു വീണ്ടും അവർക്ക് അവൻ ഉറപ്പുകൊടുത്തു. ഇതു യോസേഫിനും അവർക്കും നല്ലതായിരുന്നു. മുറിവ് ആഴമായതാണെങ്കിൽ പലപ്പോഴും നമ്മൾ പലതവണ മാപ്പുകൊടുക്കേണ്ടിവരും. തെറ്റിന്റെ ഓർമ്മകൾ വീണ്ടും വീണ്ടും മനസ്സിൽ കടന്നുവരുന്നുണ്ടെങ്കിൽ ഉടൻതന്നെ നമ്മൾ ദൈവസന്നിധിയിലേക്കോടി പ്രാർത്ഥനയിൽവെച്ചുകൊണ്ട് ആവശ്യമെങ്കിൽ വണ്ടും മാപ്പുകൊടുക്കേണ്ടതുണ്ട്.

ഉല്പത്തി 50:20 വായിക്കുക. യോസേഫിനെതിരെയുള്ള അവരുടെ പാപം ക്ഷമിച്ചുകൊടുപ്പാനുള്ള അവന്റെ താല്പര്യം ഭാഗികമായിട്ടാണെങ്കിലും ഈ വാക്യം എപ്രകാരം വിശദമാക്കുന്നു?

അന്ന് അറിയപ്പെട്ടിരുന്ന ലോകത്തെ ക്ഷാമത്തിൽനിന്നു രക്ഷിക്കുന്നതിലും അവന്റെ കുടുംബം ഒരു വലിയ ജാതിയായിത്തീരുമെന്നുള്ള ദൈവിക വാഗ്ദത്തത്തിന്റെ നിറവേറലിലും ഒരു ചെറിയഭാഗം വഹിപ്പാൻ ദൈവം അവനെ ഉപയോഗിക്കുകയാണെന്നു യോസേഫ് മനസ്സിലാക്കിയിരുന്നു. അവനെ നശിപ്പിപ്പാനുള്ള തന്റെ സഹോദരങ്ങളുടെ ദുഷ്ടപദ്ധതികളെ ദൈവം ദൂരെയകറ്റിയതു മനസ്സിലാക്കിക്കൊണ്ട് അവരോടു ക്ഷമിപ്പാൻ ദൈവം യോസേഫിനെ സഹായിച്ചു. യോസേഫിന്റെ കഥയിൽ സന്തോഷകരമായ ഒരു പര്യവസാനമുണ്ട്. ഒരു കഥയുടെ അന്ത്യം സന്തോഷകരമല്ലായെങ്കിൽ നാം എങ്ങനെ പ്രതികരിക്കും? പാപത്തിന്റെ അന്ത്യവും വൻപോരാട്ടത്തിന്റെ അന്ത്യവും കണ്ട എല്ലാറ്റിനും സന്തോഷകരമായ പര്യവസാനമെന്നു കാണുമ്പോൾ നമ്മുടെ പ്രതികരണം എങ്ങനെയായിരിക്കും? ആശയപരമായി നല്ല അന്ത്യമല്ലാത്ത കാര്യങ്ങൾ നേരിടേണ്ടതിന് ഈ പ്രത്യാശ നമ്മെ എങ്ങനെ സഹായിക്കുന്നു?

## കൂടുതൽ ആശയങ്ങൾ:

യോസേഫിന്റെ സ്വന്തസഹോദരങ്ങൾ അവനെ പുറജാതികൾക്കു വിറ്റുകളഞ്ഞതുപോലെ ക്രിസ്തുവിനെ തന്റെ ശിഷ്യഗണത്തിലൊരാൾ ബദ്ധശത്രുക്കൾക്കു വിറ്റു. യോസേഫിനെ അവന്റെ ശ്രേഷ്ഠമായ ധാർമിക മൂല്യം നിമിത്തം ദുരാരോപണങ്ങൾ ചുമത്തി കാരാഗ്രഹത്തിലിട്ടതുപോലെ ക്രിസ്തുവിനെ തന്റെ സ്വയത്യാഗജീവിതവും നീതിയും നിമിത്തം നിന്ദിച്ചും ത്യജിച്ചും കള്ളസാക്ഷികൾ മുഖേന കുറ്റം ചുമത്തിക്കൊണ്ടു ശിക്ഷയ്ക്കേല്പിച്ചത് എന്നേക്കും പാപത്തോടുള്ള ഒരു ശാസനയാണ്. അനീതിയുടെയും ഞെരുക്കത്തിന്റെയും മദ്ധ്യേയുള്ള യോസേഫിന്റെ അനുകമ്പയും സൗമ്യതയും വിചിത്ര സ്വഭാവികളായ സഹോദരന്മാർക്കു കുറ്റം ക്ഷമിച്ചുകൊടുത്തതും അവരോടുള്ള മഹാമനസ്കതയും എല്ലാം പ്രതിനിധാനം ചെയ്യുന്നതു ദുഷ്ട മനുഷ്യരായ പീഡകരുടെയും പകനിറഞ്ഞവരുടെയും മുമ്പിൽ ഘാതകർക്കുമാത്രമല്ല, പാപക്ഷമ യാചിച്ചുവരുന്ന എല്ലാവർക്കും ക്ഷമകൊടുത്ത മാനവരക്ഷകന്റെ ആവലാതി രഹിത ജീവിതത്തെയാണ്" PP, PP. 239,240.

"മാപ്പു കൊടുക്കാത്ത ഒരാത്മാവിനെ നീതീകരിപ്പാൻ ഒന്നിനും സാദ്ധ്യമല്ല. മറ്റുള്ളവരോടു കരുണയില്ലാത്തയാൾ ദൈവത്തിന്റെ കരുണാമയ കൃപയ്ക്കു യോഗ്യനല്ല. തെറ്റിപ്പോകുന്ന മനസ്സുള്ള വ്യക്തി ദൈവം കൊടുക്കുന്ന ക്ഷമയിൽക്കൂടെ അനന്തസ്നേഹത്തിന്റെ ഉടമയിങ്കലേക്ക് ആകർഷിക്കപ്പെടുന്നു. ദിവ്യമായ അനുകമ്പയുടെ വേലിയേറ്റം പാപിയുടെ മനസ്സിലേക്ക് ഒഴുകിയെത്തിയിട്ട് അവിടെ നിന്നതു മറ്റുള്ളവരിലേക്കു നിറഞ്ഞൊഴുകുന്നു. തന്റെ വിലപ്പെട്ട ജീവിതത്തിൽക്കൂടെ ക്രിസ്തു പ്രകടമാക്കിയ കരുണയും വിനയവും അവന്റെ കൃപ അനുഭവിക്കുന്ന ഏവരിലും കാണപ്പെടുന്നു" COL, P. 251.

## ചർച്ചാചോദ്യങ്ങൾ

1. "ക്ഷമിക്കാനിരിക്കുന്നതു മറ്റൊരുത്തൻ മരിക്കട്ടെ എന്നു കരുതി വിഷം കുടിക്കുന്നതുപോലെയാണ്" എന്ന് ആരോ പറഞ്ഞിട്ടുണ്ട്. ഇതിന്റെ അർത്ഥമെന്താണ്?
2. യോസേഫ് തന്നെത്താൻ വെളിപ്പെടുത്തുന്നതിനുമുമ്പ് നടന്ന വിശാലപദ്ധതികളുടെ ഉദ്ദേശ്യം എന്താണ്? ഇതൊക്കെ തനിക്കും സഹോദരങ്ങൾക്കും എന്തുചെയ്തു?
3. യോസേഫിന്റെ സഹോദരങ്ങളോടുള്ള തന്ത്രങ്ങളിൽ അവന്റെ ഗൃഹവിചാരകനും പങ്കാളിയാണ് (ഉല്പത്തി 11:1–12). ഇപ്രകാരം കണ്ടു നില്ക്കുന്നവർക്കും ക്ഷമിച്ചുകൊടുക്കുന്ന അനുഭവം എന്തുളവാക്കുന്നു?
4. "ആരംഭം മുതൽ അന്ത്യംവരെ അവർ കാണുവാൻ സാധിക്കുകയും തന്റെ സഹപ്രവർത്തകരായി നിന്നുകൊണ്ട് ആ പ്രവർത്തനത്തിന്റെ മഹത്വം തിരിച്ചറിയുകയും ചെയ്യുന്നവർ നയിക്കപ്പെടാൻ തിരഞ്ഞെടുക്കുന്നതിനു വിരുദ്ധമായി ദൈവം തന്റെ മക്കളെ വഴി നടത്തുന്നില്ല" **DA. PP. 224,225.**

   ഈ പ്രസ്താവന ധ്യാനിച്ചു നിങ്ങളുടെ ജീവിതത്തെക്കുറിച്ചു ചിന്തിക്കുക. നാം നേരിടുന്ന പല പ്രതിസന്ധികളെയും പോരാട്ടങ്ങളെയും അഭിമുഖീകരിക്കുന്നതിന് ഈ അറിവ് എങ്ങനെ സഹായിക്കുന്നു?